**വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(അവതരണം : RAJEEVE C R)**

നം. DIC/348/2025-EA4 തീയതി : 23-04-2025

വിഷയം:- വ്യവസായം- ജീവനക്കാര്യം – ഓഫീസ് അറ്റൻഡൻറ്മാർക്ക് സ്ഥലം മാറ്റം നൽകുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. 06/02/2025 തീയതിയിലെ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ DICKTM/92/2025-A3 നടപടിക്രമം
2. 10/01/2025 തീയതിയിലെ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനരൽ മാനേജരുടെ DICKTM/12/2024-A3 നമ്പർ കത്ത്.
3. 28/01/2025 തീയതിയിലെ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനരൽ മാനേജരുടെ DICKTM/12/2024-A3 നമ്പർ കത്ത്.
4. 11/03/2025 തീയതിയിലെ കയർ ഡയറക്ടറുടെ ഡി.സി.ഡി/546/2023-സിഇ1 നമ്പർ കത്ത്.
5. 03/04/2025 തീയതിയിലെ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ DICPKD/10435/2019-E1 നമ്പർ കത്ത്.
6. 01/03/2025 തീയതിയിലെ കയർ ഡയറക്ടറുടെ ഡി.സി.ഡി/546/2023-സിഇ1 നമ്പർ കത്ത്.
7. 26/03/2025, 09/04/2025 തീയതികളിലെ കൊല്ലം കയർ പ്രോജക്ട് ഓഫീസറുടെ A1/292/2025 നമ്പർ കത്ത്.

കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ക്രിസ്റ്റൻ സെബാസ്റ്റ്യൻ മാത്യു വിന് ആരോഗ്യ വകുപ്പിൽ ക്ലാർക്ക് ആയി നിയമനം ലഭിച്ചതിനാൽ പരാമർശം (1) പ്രകാരം ആ ഓഫീസിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. ആയതിനാൽ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒരു ഒഴിവുണ്ട്. ടി ഒഴിവിലേക്ക് ചങ്ങനാശ്ശേരി താലൂക്ക് വ്യവസായ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. അഖിൽമോൻ ആർ പരാമർശം (2) പ്രകാരം സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു. കൂടാതെ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. അൽ അമീൻ വി എ ചങ്ങനാശ്ശേരി താലൂക്ക് വ്യവസായ ഓഫീസിലേക്ക് പരാമർശം (3) പ്രകാരം സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു. കയർ ഇൻസ്പെക്ടറേറ്റ്, കണ്ണൂർ ലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അഖിൽ വി കെ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ഒഴിവിലേക്ക് കണ്ണൂർ കയർ പ്രോജക്ട് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ഷീബ വി കെ സ്ഥലംമാറ്റത്തിനായി പരാമർശം(4) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ലിബിൻ ജി ആർ വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട് എന്ന് ജനറൽ മാനേജർ പരാമർശം(5) പ്രകാരം അറിയിച്ചിട്ടുണ്ട്. ടി ഒഴിവിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് കയർ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി.നഫീസത്തുൽ മിസിരിയ പി, പരാമർശം(6) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. തന്റെ പിതാവും ഭർത്താവും മരണപ്പെട്ടു എന്നും രോഗിയായ അമ്മയും മക്കളും തന്റെ സംരക്ഷണയിലാണ് കഴിയുന്നത് എന്നും ആയതിനാൽ ചവറ കയർ ഇൻസ്പെക്ടർ ഓഫീസിലേക്ക് സ്ഥലംമാറ്റം നൽകണമെന്നും കൊല്ലം കയർ ഇൻസ്പെക്ടർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി.ആൻ എ പരാമർശം(7) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ചവറ കയർ ഇൻസ്പെക്ടർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. വിനോദ് ആർ കൊല്ലം കയർ ഇൻസ്പെക്ടർ ഓഫീസിലേക്ക് പരാമർശം(7) പ്രകാരം സ്ഥലംമാറ്റതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**<u>ഉത്തരവ്</u>**

മേൽ സാഹചര്യത്തിൽ ഓഫീസ് അറ്റൻഡന്റ്മാർക്ക് ചുവടെ പറയും പ്രകാരം സ്ഥലംമാറ്റം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥലംമാറ്റപ്പെടുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീ. അഖിൽമോൻ ആർ, ഓഫീസ് അറ്റൻഡന്റ്, താലൂക്ക് വ്യവസായ ഓഫീസ്, ചങ്ങനാശ്ശേരി ( ON REQUEST) | ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം (ശ്രീ.ക്രിസ്റ്റൻ സെബാസ്റ്റ്യൻ മാത്യു വിടുതൽ ചെയ്ത ഒഴിവ്) |
| 2 | ശ്രീ. അൽ അമീൻ വി എ ഓഫീസ് അറ്റൻഡന്റ്,ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം (ON REQUEST) | താലൂക്ക് വ്യവസായ ഓഫീസ്, ചങ്ങനാശ്ശേരി ( ശ്രീ അഖിൽമോൻ ആർ സ്ഥലംമാറ്റപ്പെടുന്ന ഒഴിവ്) |
| 3 | ശ്രീമതി.ഷീബ എം കെ, ഓഫീസ് അറ്റൻഡന്റ് കയർ പ്രോജക്റ്റ് ഓഫീസ്,കണ്ണൂർ (ON REQUEST) | കയർ ഇൻസ്പെക്ടറേറ്റ്, കണ്ണൂർ (ശ്രീ. അഖിൽ വി.കെ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ഒഴിവ്) |
| 4 | ശ്രീമതി.നഫീസത്തുൽ മിസിരിയ പി, ഓഫീസ് അറ്റൻഡന്റ് കയർ, ഡയറക്ടറേറ്റ് (ON REQUEST) | ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് (ശ്രീ.ലിബിൻ ജി ആർ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ഒഴിവ്) |
| 5 | ശ്രീമതി.ആൻ എ ഓഫീസ് അറ്റൻഡന്റ്, കയർ ഇൻസ്പെക്ടർ ഓഫീസ്, കൊല്ലം (ON REQUEST) | ചവറ കയർ ഇൻസ്പെക്ടർ ഓഫീസ് (ശ്രീ. വിനോദ് ആർ സ്ഥലംമാറ്റപ്പെടുന്ന ഒഴിവ്) |
| 6 | ശ്രീ. വിനോദ് ആർ ഓഫീസ് അറ്റൻഡന്റ്, ചവറ കയർ ഇൻസ്പെക്ടർ ഓഫീസ് (ON REQUEST) | കയർ ഇൻസ്പെക്ടർ ഓഫീസ്, കൊല്ലം (ശ്രീമതി.ആൻ എ സ്ഥലംമാറ്റപ്പെടുന്ന ഒഴിവ്) |

ടി ജീവനക്കാർ ജോലിയിൽ നിന്നും വിടുതൽ ചെയ്ത വിവരവും ജോലിയിൽ പ്രവേശിച്ച വിവരവും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**Signed by Rajeeve. C. R**
**Date: 23-04-2025 14:16:17**

RAJEEVE C R
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് :-
1. ശ്രീ. അഖിൽമോൻ ആർ, ഓഫീസ് അറ്റൻഡൻറ്.
2. ശ്രീ. അൽ അമീൻ വി എ,ഓഫീസ് അറ്റൻഡന്റ്

3. ശ്രീമതി.ഷീബ എം കെ, ഓഫീസ് അറ്റൻഡന്റ്
4 ശ്രീമതി.നഫീസത്തുൽ മിസിരിയ പി, ഓഫീസ് അറ്റൻഡന്റ്
5. ശ്രീ. വിനോദ് ആർ,ഓഫീസ് അറ്റൻഡൻറ്
6. ശ്രീമതി.ആൻ എ,ഓഫീസ് അറ്റൻഡൻറ്

പകർപ്പ് : 1. ഡയറക്ടർ, കയർ ഡയറക്ടറേറ്റ്
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം,കോട്ടയം, പാലക്കാട് .
3. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, ചങ്ങനാശ്ശേരി.
4. പ്രോജക്റ്റ് ഓഫീസർ, കയർ പ്രോജക്റ്റ് ഓഫീസ്, കൊല്ലം
5. സൂക്ഷിപ്പ് ഫയൽ / അധിക പകർപ്പ്.